# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3415** **23/06/2014-ൽ മറുപടിയ്ക്ക്**

**കുട്ടനാട് മണ്ഡലത്തിൽ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) കുട്ടനാട് മണ്ഡലത്തിൽ തലവടി ഗ്രാമപഞ്ചായത്തിലെ വട്ടടികടവ് മുതൽ വാണിയപുര പടി വരെയും എബനേസർ പടി മുതൽ വാലേൽ പടി വരെയും നാലാങ്കൽ പടി മുതൽ പനവേലി പടി വരെയും ഉള്ള റോഡ് നിർമ്മാണം അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ കുട്ടനാട് മണ്ഡലത്തിൽ ഈ 3 റോഡുകളും ഉൾപ്പെടുകയും തലവടി ഗ്രാമപഞ്ചായത്തിലെ വട്ടടികടവ് മുതൽ വാണിയപുര പടി വരെയുള്ള റോഡിന്റെയും എബനേസർ പടി മുതൽ വാലേൽ പടി വരെയുള്ള റോഡിന്റെയും എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 2013-14-ൽ സമർപ്പിച്ചിരുന്നുവെങ്കിലും തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള ഫണ്ട് തീർന്ന സാഹചര്യത്തിൽ പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. നാലാങ്കൽ പടി മുതൽ പനവേലി പടി വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 38.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമുടി പഞ്ചായത്തിൽ പാലത്തിക്കാട് ക്ഷേത്രം മുതൽ ജ്യോതി ജംങ്ഷൻ വരെയുള്ള ബണ്ട് റോഡിന്റെ എസ്റ്റിമേറ്റിന് മുൻഗണന നൽകി ഭരണാനുമതി ലഭ്യമാക്കുമോ; | (ബി) യും (സി) യും | 2013-14-ലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള ഫണ്ട് വിഹിതം തീർന്ന സാഹചര്യത്തിൽ പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. നടുതുരത്ത് കുപ്പപ്പുറം റോഡിന്റെ എസ്റ്റിമേറ്റ് തുക രണ്ട് കോടി രൂപ വരുന്നതിനാൽ തീരദേശ |

(സി) കൈനകരി ഗ്രാമപഞ്ചായത്തിൽ ബേക്കറി ജംഗ്ഷൻ മുതൽ കിഴക്കോട്ട് വാലടിതറ വരെയും ഒന്നാം വാർഡിലെ നടുതുരത്ത് കുപ്പപ്പുറം റോഡിനും കൈനകരി പഞ്ചായത്ത് മുതൽ ആറ്റുതീരം വഴി തെക്കോട്ട് പഴൂർ ക്ഷേത്രം വരെയുള്ള റോഡിനും മുൻഗണന നൽകി ഭരണാനുമതി നൽകി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാൻ സാധിക്കുകയില്ല.

സെക്ഷൻ ആഫീസർ